## പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

### ഗ്രാമവികസന വകുപ്പു മുഖേന നടപ്പാക്കുന്ന പ്രാദേശിക വികസന പദ്ധതികൾ

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3246

18.02.2013 ൽ
മറുപടിക്ക്

ചോദ്യം

ശ്രീ.കെ.സുരേഷ് കുറുപ്പ്

ഉത്തരം

ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) സംസ്ഥാനത്തെ ഗ്രാമവികസന വകുപ്പു മുഖേന നടപ്പാക്കുന്ന പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പദ്ധതികൾ എന്തൊക്കെയാണ്; | എ) പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പദ്ധതിയിൻ കീഴിൽ ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് പിന്നോക്കമേഖല സഹായനിധി (ബി.ആർ.ജി.എഫ്) വയനാട്, പാലക്കാട് എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. |
| ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | ബി) ടി പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് എല്ലാമാസവും അവലോകനം നടത്താറുണ്ട്. |
| സി) 2012-13ൽ അനുവദിച്ച തുക എത്രയാണ്; എത്ര തുക ചെലവഴിച്ചു? | സി) 2012–13 വർഷത്തിൽ 5500.00 ലക്ഷം രൂപയാണ് ബഡ്ജറ്റ് വിഹിതമായി ഉൾപ്പെടുത്തിയിട്ടുള്ളത്. 1755.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. (റിലീസ് ചെയ്തിട്ടുണ്ട്). മുൻവർഷ നീക്കിയിരുപ്പ് തുക ഉൾപ്പെടെ ആകെ ലഭ്യമായ 4041.69 ലക്ഷം രൂപയിൽ 2148.31 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ